(സി) കരാറുകാർ ഏറ്റെടുത്ത എടത്വ സബ്ട്രഷറി കെട്ടിടം നാളിതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) എടത്വ സബ് ട്രഷറി കെട്ടിടത്തിന്റെ സ്ഥലം സംബന്ധിച്ച് കേസ് ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലവിലുള്ളതിനാൽ പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ടി പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടില്ല.

അഴീക്കൽകടവ്, പെരിഞ്ഞേരിക്കടവ് പാലങ്ങൾ

282(4914) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽകടവ് പെരിഞ്ഞേരിക്കടവ് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ ഏതുഘട്ടംവരെയെത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴീക്കൽകടവ് പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ റഗുലേറ്റർ കം ബ്രിഡ്ജിന് വേണ്ടിയുള്ള പദ്ധതി ടി സ്ഥലത്ത് ഉള്ളതിനാൽ നിർദ്ദിഷ്ട പെരിഞ്ഞേരിക്കടവ് പാലത്തിനുള്ള നടപടി ക്രമങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.

(ബി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ അഴീക്കൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly